LIBRARY ARCHIVES Kerala Legislative Assembly

വാഴക്കോട് റോഡ് പുനരുദ്ധരിക്കുന്നതിന് വനം വകുപ്പിന്റെ ഭൂമി വിട്ടുകൊടുക്കാൻ നടപടി

345 (3979) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ-ഷൊർണ്ണൂർ റോഡിലെ തുടർച്ചയായ അപകടങ്ങൾക്ക് കാരണമായ വാഴക്കോട് ജംഗ്ഷനിലെ കൊടുംവളവ് ഒഴിവാക്കി റോഡ് പുനരുദ്ധരിക്കുന്നതിന് വനം വകുപ്പിൽ നിന്നും ഭൂമി വിട്ടുകിട്ടുവാൻ പൊതുമരാമത്ത് വകുപ്പ് അപേക്ഷ സമർപ്പിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) നിലവിലുള്ള റോഡിന്റെ അപകടകരമായ അവസ്ഥ ഒഴിവാക്കി റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ പരിഗണിച്ച് ഭൂമി വിട്ടു കൊടുക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പിൽനിന്നും അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

പൊതുഗതാഗത സംവിധാനത്തിലെ ബസ്സുകളുടെ വിവരം

346 (3980) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുഗതാഗത സംവിധാനത്തിൽ എത്ര കെ.എസ്.ആർ.ടി.സി. ബസുകളും എത്ര സ്വകാര്യ ബസുകളുമാണ് സർവ്വീസ് നടത്തുന്നതെന്നും ഇത് എത്ര ശതമാനം വീതമെന്നും വെളിപ്പെടുത്തുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര കെ.എസ്.ആർ.ടി.സി. ബസുകളാണ് ഉണ്ടായിരുന്നതെന്നും അത് സംസ്ഥാനത്ത് ആകെയുള്ള ബസുകളിൽ എത്ര ശതമാനമായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) കെ.എസ്. ആർ.ടി.സി.-യുടെ വരുമാനത്തിൽ ബസ് ടിക്കറ്റിലൂടെ എത്ര ശതമാനമാണ് ലക്ഷ്യമിടുന്നതെന്നും ഇത് ഏതാവശ്യങ്ങളിലേക്കാണ് വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1-12-2014-ലെ കണക്കനുസരിച്ച് പൊതുഗതാഗത സംവിധാനത്തിൽ 320 JnNURM ബസ്സുകൾ ഉൾപ്പെടെ 5923 കെ.എസ്.ആർ.ടി.സി. ബസുകളും 14160 സ്വകാര്യ ബസുകളും സർവ്വീസ് നടത്തുന്നുണ്ട്. ആകെയുള്ള ബസ്സുകളുടെ 29.49% കെ.എസ്.ആർ.ടി.സി. ബസ്സുകളും 70.51% സ്വകാര്യ ബസ്സുകളുമാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 212 JnNURM ഉൾപ്പെടെ 5943 കെ.എസ്.ആർ.ടി.സി. ബസുകളാണ് ഉണ്ടായിരുന്നത്. ഇത് ആകെയുണ്ടായിരുന്ന ബസ്സുകളുടെ 30.78% ആയിരുന്നു.

(സി) 2014-15 സാമ്പത്തിക വർഷം ടിക്കറ്റ് വരുമാനമായി 2,201.31 കോടി രൂപ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ടി ഇക ആകെ പ്രതീക്ഷിത വരുമാനത്തിന്റെ 94 ശതമാനമാണ്. കെ.എസ്.ആർ.ടി.സി.-യുടെ മൊത്തം വരുമാനവും സ്ഥാപനത്തിന്റെ പ്രവർത്തനചെലവിനാണ് ഉപയോഗിക്കുന്നത്. പ്രവർത്തന ചെലവിൽ ശമ്പളം, വായ്പകളുടെ തിരിച്ചടവ്, പെൻഷൻ, ഇന്ധനം വാങ്ങുന്നതിനു വേണ്ടിവരുന്ന ചെലവ് എന്നിവ ഉൾപ്പെടുന്നു.

പുതുക്കാട് ഡിപ്പോയിലെ ഏക സൂപ്പർഫാസ്റ്റ് ബസ്സിന്റെ റൂട്ട് മാറ്റം

347 (3981) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് ഡിപ്പോയിലെ ഏക സൂപ്പർഫാസ്റ്റ് ബസ് കഴിഞ്ഞ രണ്ട് വർഷക്കാലമായി തുടർച്ചയായ നഷ്ടത്തിൽ ഓടുന്ന കാര്യം അറിയുമോ ;

(ബി) ലാഭകരമായ നിരവധി റൂട്ടുകളിലേക്ക് മാറ്റണമെന്ന് ആവർത്തിച്ചുള്ള എം.എൽ.എ.യുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ലാഭം ലഭ്യമാകുന്ന റൂട്ടുകൾ അനേകം ഉണ്ടായിട്ടും നഷ്ടം ഉണ്ടാകുന്ന റൂട്ടിൽ കൂടി സർവ്വീസ് നടത്തുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ-സി) പുതുക്കാട് ഡിപ്പോയിൽ നിന്നുള്ള പ്രസ്തുത സർവ്വീസിന് മതിയായ വരുമാനം ലഭിക്കാത്തതിനെത്തുടർന്ന് പുനഃക്രമീകരിച്ച് സർവ്വീസ് നടത്തുന്നുണ്ട്. പുനഃക്രമീകരണത്തിന് ശേഷം ശരാശരി പ്രതിദിന വരുമാനം 15,685 രൂപയിലേയ്ക്ക് ഉയർന്നിട്ടുണ്ട്. ആയതിനാൽ ടി സർവ്വീസ് റൂട്ട് മാറ്റേണ്ട ആവശ്യം നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly